ഉത്തരം

(എ & ബി) വടകര താലൂക്കിൽ നടക്കുതാഴ വില്ലേജിലെ ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള റീ.സ.നമ്പർ 50/1 പി.ടി. എന്ന സ്ഥലം ജയിൽ ഡിപ്പാർട്ടുമെന്റിന് അനുവദിച്ചുതരുന്നതിനായി വടകര തഹസിൽദാർ മേൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് കോഴിക്കോട് റവന്യൂ ഡിവിഷൻ ഓഫീസർക്ക് കൈമാറുകയും ഈ ഓഫീസർ പ്രസ്തുത സ്ഥലത്തിന്റെ രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സിവിൽ പോലീസ് എസ്.ഐ. അംഗീകൃത അംഗബലം

166 (1908) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേരള സിവിൽ പോലീസ് രൂപീകരിച്ചതിന് ശേഷം എസ്.ഐ. തസ്തികയിൽ കേരള സിവിൽ പോലീസ് കേഡറിൽ നിലവിൽ വന്ന ആദ്യ റാങ്ക് ലിസ്റ്റ് ഏതാണ്;

(ബി) 31-12-2015-ൽ വരെയുള്ള കണക്കുകൾ പ്രകാരം എസ്.ഐ. (കേരള സിവിൽ പോലീസ്) തസ്തികയുടെ Sanctioned Strength എത്രയാണ്;

(സി) നിലവിൽ നേരിട്ട് നിയമനം ലഭിച്ച എത്ര എസ്.ഐ. മാർ ജോലി ചെയ്യുന്നുണ്ട്; നിലവിൽ പ്രമോഷൻ വഴി നിയമനം ലഭിച്ച എത്ര എസ്.ഐ. മാർ വകുപ്പിൽ ജോലിനോക്കുന്നുണ്ട്?

ഉത്തരം

(എ) എസ്.ഐ. തസ്തികയിൽ കേരള സിവിൽ പോലീസ് കേഡറിലെ ആദ്യ ലിസ്റ്റ് 26-5-2015 തീയതിയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചതാണ്.

(ബി) 1956

(സി) നിലവിൽ നേരിട്ട് നിയമനം ലഭിച്ച 608 എസ്.ഐ. മാർ ജോലി നോക്കിവരുന്നുണ്ട്. കൂടാതെ നാല് പേർ ഇപ്പോൾ ട്രെയിനിംഗിലാണ്. 673 എസ്.ഐ. മാർ പ്രൊമോഷൻ വഴി ജോലി നോക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly